ശ്രീ. ജി. കാത്തികേയൻ : തൊഴിലാളികളുടെ തന്നെ ചെലവിൽ വള്ളം കടത്തിവിടുന്നതിനുള്ള ഏർപ്പാട് ചെയ്തുകൊടുക്കുമോ ?

ശ്രീ. ടി. അബ്ദുൾ മജീദ് : ബുദ്ധിമുട്ടുള്ള പ്രദേശങ്ങളിൽ ടഗ്ഗ് ചെയ്യണമെന്നുള്ള ആവശ്യം ഉന്നയിച്ചിരുന്നു. ഇപ്പോൾ അതിന്റെ ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ഉണ്ടെങ്കിൽ ചെയ്യാൻ നിർദ്ദേശിക്കാം.

ശ്രീ. ജി. കാത്തികേയൻ : മഴക്കാലം തുടങ്ങിയതുകൊണ്ട് അതിനാവശ്യമായ നടപടികൾ എടുക്കുമോ ?

ശ്രീ. ടി. അബ്ദുൾ മജീദ് : ഏർപ്പാട് ചെയ്യാം.

## പോളി ടെക്നിക്ക് ഇൻസ്റ്റിറ്റ്യൂട്ടുകൾ.

* 1561. [22] ശ്രീ. സി. കണ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) ഇപ്പോൾ സ്റ്റേറ്റിൽ ആകെ എത്ര പോളിടെക്നിക്ക് ഇൻസ്റ്റിറ്റ്യൂട്ടുകൾ ഉണ്ട് ;

(ബി) ഓരോ ജില്ലയിലും എത്രവീതം ;

(സി) തിരുവിതാംകൂർ-കൊച്ചിയിലേയും, മലബാർ ഭാഗത്തിലേയും പോളി ടെക്നിക്കുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ കൊടുക്കുന്ന ഫീസു നിരക്കിനു വ്യത്യാസമുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്താണ് ?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ജോസഫ് മുണ്ടശ്ശേരി) :

(എ) പത്തെണ്ണമുണ്ട്.

(ബി)

| | |
|---|---|
| തിരുവനന്തപുരം | 1 |
| കൊല്ലം | 1 |
| ആലപ്പുഴ | 2 |
| എറണാകുളം | 1 |
| തൃശ്ശൂർ | 3 |
| കണ്ണൂർ | 1 |
| കോഴിക്കോട് | 1 |

(സി) ഇല്ല.

(ഡി) (സി)-യുടെ ഉത്തരംകൊണ്ട് ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : ഇതിൽ ഏതെങ്കിലും സ്ഥാപനങ്ങൾ നടപ്പിൽ വരുത്താൻ താമസം നേരിട്ടിട്ടുണ്ടോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ഇവിടെ തുടങ്ങിയിട്ടുള്ളതെല്ലാം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : കഴിഞ്ഞ കൊല്ലത്തെ ബഡ്ജറ്റിൽ ചേർത്തിരുന്നവിധം തിരുവനന്തപുരത്തെ പോളിടെക്നിക്ക് എന്തുകൊണ്ടാണ് ആരംഭിക്കാത്തത് ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : തിരുവനന്തപുരം കേന്ദ്രത്തിൽ ടെക്നിക്കിന്റെ സൈറ്റിനെ സംബന്ധിച്ച് അഭിപ്രായഭേദം ഉണ്ടായി. അതു തീരുമാനിച്ചാലുടൻ പണി ആരംഭിക്കും.

LIBRARY ARCHIVES Kerala Legislative Assembly